**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1151** **07-12-2022 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിൽ ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ നാല് കോടി രൂപ വകയിരുത്തിയ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മാണത്തിന് സമർപ്പിച്ച പ്രൊപ്പോസലിൽ ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | 2022-23 ബഡ്ജറ്റിൽ അനുബന്ധം രണ്ടിൽ (വാല്യം II) ഭരണാനുമതി ഇല്ലാത്ത പ്രവൃത്തികളിൽ ക്രമ നമ്പർ 720-ആയി കല്ല്യാശ്ശേരി മണ്ഡലത്തിലെ 10 ഗ്രാമ പഞ്ചായത്തുകളിൽ ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മാണ പ്രവൃത്തികൾക്കായി അടങ്കൽ തുകയായ 400.00 ലക്ഷം രൂപയുടെ 20% ആയ 80 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതു പ്രകാരം 10 പഞ്ചായത്തുകളിലെ 15 പ്രവൃത്തികൾക്ക് ഭരണാനുമതിക്കായി 398.7 ലക്ഷം രൂപയുടെ ഡി.പി.ആർ സർക്കാരിൽ ലഭ്യമാക്കിയെങ്കിലും ഈ പ്രൊപ്പോസലുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ആയത് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ലഭ്യമാകുവാൻ കാലതാമസം നേരിടുക യുണ്ടായിട്ടുണ്ട്. ഡി.പി.ആർ പരിശോധിച്ച തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ